സ.ഉ.(സാധാ) നം.1683/2023/LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ഡോ.സി.ശാന്ത, ഹെൽത്ത് ഓഫീസർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ - തുടർനടപടി ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1683/2023/LSGD തീയതി,തിരുവനന്തപുരം, 19-08-2023

---

പരാമർശം:-

1. 29.11.2010 ലെ 55691/ഇ.യു1/10/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ
2. നഗരകാര്യ ഡയറക്ടറുടെ 25.09.2014 ലെ വി2-18296/10/നകാവ നമ്പർ കത്ത്
3. 24.03.2015 ലെ സ.ഉ(സാധാ)നം.886/2015/തസ്വഭവ നമ്പർ ഉത്തരവ്
4. 23.03.2015 ലെ 55691/ഇ.യു1/10/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. തദ്ദേശ സ്വയംഭരണ (അർബൻ) ഡയറക്ടറുടെ 23.01.2023 ലെ DUA-4557/2022-V3 നം. കത്ത്

**ഉത്തരവ്**

തൃശ്ശൂർ നഗരസഭാ പരിധിയിലുള്ള 'സരോവരം' അപ്പാർട്ട്മെന്റിലെ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ചുള്ള പരാതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ സരോവരം അപ്പാർട്ട്മെന്റിന്റെ ഉടമ നഗരസഭയുടെ അനുമതിയില്ലാതെ 140 mm വ്യാസത്തിൽ 3 കുഴൽ കിണറുകൾ കുഴിച്ച് സെപ്റ്റിക്ക് ടാങ്കിലെ മലിനജലം ശേഖരിച്ചതായും, 1.30 മീറ്റർ നീളത്തിൽ ഒരു സോക്പിറ്റ് നിർമ്മിക്കുകയും ആയതിന്റെ ഔട്ട് ലറ്റ് പൈപ്പ് പൊതു അഴുക്ക് ചാലിലേക്ക് 200 mm വ്യാസത്തിലുള്ള PVC പൈപ്പ് വഴി നിയമവിരുദ്ധമായി കോർപ്പറേഷൻ റോഡിലൂടെ നൽകിയിരുന്നതായും കണ്ടെത്തിയിരുന്നു. ഇക്കാര്യത്തിൽ അപ്പാർട്ട്മെന്റ് ഉടമയ്ക്ക്, KMA സെക്ഷൻ 337 പ്രകാരം അനധികൃത നിർമ്മാണം നീക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും ഇക്കാര്യത്തിൽ തൃശ്ശൂർ നഗരസഭ തുടർ നടപടി സ്വീകരിച്ചില്ലായെന്ന് ഇക്കാര്യത്തിലുള്ള വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

2. ഇത്തരത്തിൽ സെപ്റ്റിക്ക് ടാങ്ക് മാലിന്യങ്ങൾ കിണറുകളിൽ ശേഖരിച്ചും,

സോക്ക്പിറ്റിലെ മാലിന്യങ്ങൾ പൊതു അഴുക്കുചാലിൽ ഒഴുക്കിയും പൊതുജന ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ അനധികൃത പ്രവർത്തനങ്ങൾ നടത്തിയിട്ടും പ്രസ്തുത പ്രവർത്തനങ്ങൾ നിർത്തുന്നതിന് നടപടി സ്വീകരിക്കാതിരുന്നതിന് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എം.ആർ.അഭിലാഷിനും നഗരസഭയിലെ ഹെൽത്ത് ഓഫീസറായിരുന്ന ശ്രീമതി.സി.ശാന്തയ്ക്കും പരാമർശം (1) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

3. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.എം.ആർ.അഭിലാഷ് പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു. ശ്രീമതി.സി.ശാന്ത കുറ്റാരോപണ മെമ്മോ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെയായി മെമ്മോയ്ക്ക് മറുപടി നൽകിയിട്ടില്ലെന്നും ശ്രീ.എം.ആർ.അഭിലാഷ് മരണപ്പെട്ടു പോയിട്ടുള്ളതാണെന്നും നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. ഈ വിഷയത്തിൽ കുറ്റാരോപിതനായ ശ്രീ.എം.ആർ.അഭിലാഷ് മരണപ്പെട്ടതിനാൽ പരാമർശം (3) ലെ ഉത്തരവ് പ്രകാരം ടിയാനെതിരായ അച്ചടക്ക നടപടികളിൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് തീർപ്പാക്കിയിരുന്നു. കുറ്റാരോപിതയായ ശ്രീമതി.സി.ശാന്ത മെമ്മോ കൈപ്പറ്റിയെങ്കിലും പ്രതിവാദ പത്രിക സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ ടിയാൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാൾ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ടിയാൾക്കെതിരായ നടപടി കെ.എസ്.ആർ. ഭാഗം III ചട്ടം 3 പ്രകാരം ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 200 രൂപ വീതം അഞ്ചുവർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് ടിയാൾക്ക് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ടിയാൾ നൽകിയ മറുപടിയിൽ ടിയാൾ യഥാസമയം കുറ്റാരോപണ മെമ്മോയ്ക്ക് മറുപടി നൽകിയിട്ടുള്ളതായും അതിന്റെ പകർപ്പ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. കുറ്റാരോപണ മെമ്മോയ്ക്കുള്ള മറുപടിയിൽ ശ്രീമതി ശാന്ത താഴെ പറയുന്ന കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്.

5. തൃശ്ശൂർ കോർപ്പറേഷൻ 33-ാം ഡിവിഷനിലെ ഗോസ്സായി കുന്ന് ദേശത്ത് സ്ഥിതി ചെയ്യുന്ന സരോവരം ഫ്ലാറ്റിൽ നിന്നും മലിനജലം റോഡിലേക്കും പൊതു ഓവുചാലിലേയ്ക്കും ഒഴുക്കി വിടുന്നതു സംബന്ധിച്ചുള്ള പരാതി ലഭിക്കുകയും ആരോഗ്യ വിഭാഗവും എഞ്ചിനീയറിംഗ് വിഭാഗവും സംയുക്തമായി പരിശോധന നടത്തുകയും ഈ സമയത്ത് കുറ്റാരോപണ മെമ്മോയിൽ പറഞ്ഞിരിക്കുന്ന പി.വി.സി. പൈപ്പ് സ്ഥാപിച്ചിട്ടില്ലാത്തതുമാകുന്നു. എന്നിരുന്നാലും

മലിനജലം ടാങ്കിൽ നിന്നും ഓവർ ഫ്ലോ വരാൻ സാധ്യതയുള്ളതിനാൽ KKY/PH/23370/08 dtd. 16.9.2009 ൽ ബിൽഡർക്ക് നോട്ടീസ് നൽകുകയുണ്ടായി. സോക്കേജ് പിറ്റ് സ്ഥാപിക്കുന്നതിനും ബോർ വെൽ സ്ഥാപിക്കുന്നതിനും ആരോഗ്യ വിഭാഗത്തിൽ നിന്ന് അനുമതി വാങ്ങാറില്ല. എന്നിരുന്നാലും പൊതു ഓവുചാലിലേക്ക് പി.വി.സി. പൈപ്പ് സ്ഥാപിച്ചത് മാറ്റം ചെയ്യുന്നതിനായി സെക്ഷൻ 337 പ്രകാരം ബിൽഡർക്കും താമസക്കാർക്കും 06.01.2010 ൽ KKY/PH5/5728/09 പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ താമസക്കാർ ഹൈക്കോടതിയെ സമീപിക്കുകയും WP (C) No.37478/2010 (H) നമ്പറായി കോർപ്പറേഷനും ബിൽഡർക്കുമെതിരെ കേസ് ഫയൽ ചെയ്യുകയും ടി കേസിന്മേൽ നടപടി നടന്നുകൊണ്ടിരിക്കുന്നതിനാൽ പരാതി പരിഹരിക്കുന്നതിനായി തുടർ നടപടി നടത്തുവാൻ പറ്റാത്ത അവസ്ഥയായിരുന്നുവെന്നും ടിയാളുടെ ഭാഗത്തു നിന്നും ടി പരാതി പരിഹരിക്കുന്നതിന് മന:പൂർവ്വം വീഴ്ചയുണ്ടായിട്ടില്ലാത്തതും പ്രത്യേക സാഹചര്യത്തിൽ വന്ന വീഴ്ചയായതിനാൽ മറ്റു മേൽ ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കിത്തരണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

6. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൾ സമർപ്പിച്ച മറുപടിയിന്മേൽ കൊച്ചി മേഖലാ ജോ.ഡയറക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു. സരോവരം അപ്പാർട്ട്മെന്റിന്റെ ഉടമ മലിനജലം പൈപ്പ് വഴി പൊതു വഴിയിലേക്ക് ഒഴുക്കി വിടുന്നതായി ബോധ്യപ്പെട്ടതിനെ തുടർന്ന് ഡോ.സി.ശാന്ത യഥാസമയം നടപടി സ്വീകരിച്ചിരുന്നതായും എന്നാൽ ബഹു.ഹൈക്കോടതിയിൽ WP (C) 34748/2010 കേസ് ഉണ്ടായിരുന്നതിനാലാണ് തുടർനടപടി സ്വീകരിക്കാൻ കഴിയാതിരുന്നതെന്ന ഡോ.സി.ശാന്തയുടെ മൊഴി പരിഗണിച്ചും, നിലവിൽ സരോവരം ഫ്ലാറ്റിൽ നിന്നും മലിനജലം ഒഴുക്കിവിടുന്നില്ല എന്ന തൃശ്ശൂർ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലും, ശ്രീമതി.സി.ശാന്ത സർവീസിൽ നിന്ന് റിട്ടയർ ചെയ്ത് 9 വർഷം ആയതിനാലും ടിയാൾക്ക് എതിരെയുള്ള അച്ചടക്കനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും മേൽ സാഹചര്യത്തിൽ കൊച്ചി നഗരസഭയിൽ നിന്നും 31.05.2013 ൽ വിരമിച്ച ഹെൽത്ത് ഓഫീസർ ഡോ.സി.ശാന്തയുടെ പേരിലുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

7. സർക്കാർ ഇക്കാര്യം ഡോ.ശാന്തയുടെ പ്രതിവാദപത്രികയിലെ വാദഗതികളുടെയും ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഈ

വിഷയത്തിൽ സരോവരം അപ്പാർട്ട്മെന്റിന്റെ ഉടമ നഗരസഭയുടെ അനുമതിയില്ലാതെ 140 mm വ്യാസത്തിൽ 3 കുഴൽ കിണറുകൾ കുഴിച്ച് സെപ്റ്റിക്ക് ടാങ്കിലെ മലിനജലം ശേഖരിച്ചതായും, 1.30 മീറ്റർ നീളത്തിൽ ഒരു സോക്പിറ്റ് നിർമ്മിക്കുകയും ആയതിന്റെ ഔട്ട് ലറ്റ് പൈപ്പ് പൊതു അഴുക്ക് ചാലിലേക്ക് 200 mm വ്യാസത്തിലുള്ള PVC പൈപ്പ് വഴി നിയമവിരുദ്ധമായി കോർപ്പറേഷൻ റോഡിലൂടെ നൽകിയിരുന്നതായും കണ്ടെത്തിയിരുന്നു. ഇക്കാര്യത്തിൽ അപ്പാർട്ട്മെന്റ് ഉടമയ്ക്ക്, KMA സെക്ഷൻ 337 പ്രകാരം അനധികൃത നിർമ്മാണം നീക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും ആയത് കോടതി സ്റ്റേ ചെയ്യുകയും ആയതിന്മേൽ 4-12-2021 നാണ് വിധി പുറപ്പെടുവിച്ചിട്ടുള്ളത്.അതിന്റെ പ്രസക്ത ഭാഗം ഇപ്രകാരമാണ്.

Therefore the writ petition is disposed of directing the Secretary of the Thrissur Corporation, the 2nd respondent, to issue a fresh notice to the petitioner, within three weeks from the date of receipt of a copy of this judgment, receive an objection from him and then finalize the proceedings within two months from the date of posting given to the petitioner for appearance for filing objection and till such time the interim order granted by this Court would continue to be in force. However I make it clear that if by anu chance the proceedings pertaining to Ext.P5 notice is finalized, it shall not be reopened under any circumstances.

8. ഈ ഉത്തരവ് നിലവിൽ വരുന്നതുവരെ സ്റ്റേ ഓർഡർ നിലനിന്നിരുന്നതായി ഉത്തരവിൻ തന്നെ സൂചിപ്പിക്കുന്നുണ്ട്. ഇക്കാര്യം തന്നെ ടിയാൾ പ്രതിവാദപത്രികയിലും ബോധിപ്പിച്ചിട്ടുള്ളത്.നിലവിൽ സരോവരം ഫ്ലാറ്റിൽ നിന്നും മലിനജലം ഒഴുക്കിവിടുന്നില്ല എന്ന് തൃശ്ശൂർ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതതിനാൽ വിജിലൻസ് ആരോപിച്ച പ്രകാരം തൃശ്ശൂർ നഗരസഭ തുടർ നടപടി സ്വീകരിച്ചിട്ടില്ലാത്തത് കോടതിയുടെ ഇടക്കാല ഉത്തരവിലൂടെ നഗരസഭ നൽകിയ നോട്ടീസിലെ നടപടി സ്റ്റേ ചെയ്തത് മൂലമാണെന്ന് കാണാവുന്നതാണ്. അതിൽ ഡോ. ശാന്തയുടെ ഭാഗത്ത് മനപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുള്ളതായി കണക്കാക്കാൻ കഴിയുകയില്ല. മേൽ സാഹചര്യത്തിൽ പരാമർശം (4) പ്രകാരം ശ്രീമതി ശാന്തയ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടികളിൽ തുടർനടപടി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ,കേരള, എറണാകുളം

ഡോ.ശാന്ത,ഹെൽത്ത് ഓഫീസർ(റിട്ട) (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 21-08-2023 12:12:15

സെക്ഷൻ ഓഫീസർ